കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം15/3269/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 31-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി
ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം. 15/3269/2016
തിയ്യതി:31-01-17

<u>മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-15 മുതൽ 06-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 7.11.2016 മുതൽ 18.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. അബ്ദുൽ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. യൂസഫ് .പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.നസീമ. AP<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി (സെക്രട്ടറി, കൃഷി ഓഫീസർ, ICDS സൂപ്പർവൈസർ) | 1.4.2015മുതൽ 30.10.2015വരെ<br>31.10.2015 മുതൽ 11.11.2015 വരെ |
| | | ശ്രീ.മൊയ്തീൻകുട്ടി.എൻ | 12.11.2015മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | ശ്രീമതി.ടി.പി.സരസ്വതി | 1.4.2015മുതൽ 22.7.2015 വരെ |
| | | ശ്രീ. എം.അബ്ദുൽ സത്താർ | 23.7.2015മുതൽ 31.3.2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.എൻ.കെ ശ്രീദേവി | 1.4.2015 മുതൽ 26.7.2015വരെ<br>27.7.2015 മുതൽ 19.8.2015 വരെ ആർക്കും ചുമതല ഇല്ല |
| | | ശ്രീ.ജി.വി.വിനോദ് കുമാർ | 20.8.2015മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ഗ്രേഷ്യസ്. എം.ജോൺ | 1.4.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ആൻസിന തോമസ് | 1.4.2015മുതൽ 31.3.2016വരെ |
| | | ഡോ: ആസിഫ് ഖാൻ | 1.4.2015മുതൽ 30.6.2015വരെ |
| | | ഡോ: ബബിത മുഹമ്മദ് | 1.7.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ:.നൗഫൽ | 1.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ: ബിന്ദു | 1.4.2015മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | ശ്രീ. രമേഷ് കുമാർ | 1.4.2015മുതൽ 31.3.2016വരെ |

| | | | |
|---|---|---|---|
| ഹെഡ് മാസ്റ്റർ | | ശ്രീ. അയ്യൂബ് | 1.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ | | ശ്രീ.സോമൻ | 1.4.2015മുതൽ 31.3.2016വരെ |
| ICDS സൂപ്പർവൈസർ | | ശ്രീമതി. ബീന............................. | 1.4.2015മുതൽ 31.3.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 13 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 2-3 |
| 15 | മുഴുവൻ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 2-4 |
| 16 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു | 2-5 |
| | ഭാഗം 3 | |
| 17 | പഞ്ചായത്ത് ഓഫീസ് കംമ്പ്യൂട്ടർ വത്കരണം- അപാകതകൾ സംബന്ധിച്ച് | 3-1 |

| | | |
|---|---|---|
| 18 | അയിരാനി GMLPS നിർമ്മാണം-തുക നൽകിയത് വിശദ വിവരം ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു. | 3-2 |
| 19 | വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കൽ പഞ്ചായത്ത് തീരുമാനം യഥാർത്ഥ്യമായില്ല. | 3-3 |
| 20 | പദ്ധതി നിർവ്വഹണം-അവലോകനം | 3-4 |
| 21 | ഡെപ്പോസിറ്റ് വർക്ക്. പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 3-5 |
| 22 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം. തുക അടവാക്കിയിതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 3-6 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം | 3-7 |
| 24 | ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി | 3-8 |
| 25 | ആശ്രയ പദ്ധതി. പാതിവഴിയിൽ അവസാനിപ്പിച്ചു. | 3-9 |
| 26 | സമഗ്ര വിദ്യാഭ്യാസ പദ്ധതി. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി | 3-10 |
| 27 | ടെണ്ടർ / ക്വട്ടേഷൻ നടപടികൾ കൂടാതെയുള്ള വാങ്ങൽ നടപടികൾ | 3-11 |
| 28 | പരിരക്ഷ പദ്ധതി മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-12 |
| 29 | GI പൈപ്പിന് അധിക തുക നൽകി | 3-13 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസംകാണുന്നു. ഏതാനും ഇനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 5000000 | 2304263 | -2695737 |
| 2 | തൊഴിൽ നികുതി | 2000000 | 1328620 | -671380 |
| 3 | D&O | 150000 | 66330 | -83670 |
| 4 | പെർമിറ്റ് ഫീ | 350000 | 157239 | -201368 |
| 5 | വാടക | 10000 | 104 | -9896 |

ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്.ഡിമാന്റായി ഉൾപ്പെടുത്തുന്നത്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 20.7.2016 | _ | _ |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) 2014-15 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി കുടിശ്ശിക 3,48,493 (302334+46159) രൂപയാണ്. എന്നാൽ 2015-16 വാർഷിക കണക്കിലെ RP 43 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി കുടിശ്ശിക കളക്ഷൻ 5,16, 460 രൂപയാണ്. 1,68,460 രൂപ അധികം കളക്ഷൻ കാണുന്നു.

4) സാംഖ്യ അധിഷ്ഠിത അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറിയ തീയതി വരെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 9.11.2016, 10.11.2016 | കെ.എസ്.എ.എം.പി.എം.15/3269/16 തീയതി:31-1-17 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31044029 |
| വരവ് | 31317958 |
| ആകെ | 62361987 |
| ചെലവ് | 43450866 |
| നീക്കിയിരിപ്പ് | 18911121 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ സർക്കാർ പിൻവലിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3998005 | 9223294 | 11995292 | 25216591 | 13221299 | 11995292 | 52.4 |
| വികസന ഫണ്ട് (എസ്. സി. പി.) | 940664 | -(940664) | 1382664 | 1382664 | 253870 | 1128794 | 18.3 |
| വികസന ഫണ്ട് (ടി.എസ്. പി.) | 4000 | -(4000) | 9000 | 9000 | 0 | 9000 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 898438 | 11747114 (from MG NR) | 5101282 | 7174434 | 7174434 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2368785 | -(11747114) ( to MG R) | 1665844 | 2859915 | 2859915 | 0 | 100 |
| 13ാം ധനകാര്യ കമ്മീഷൻ | 4141836 | -(5645483) | 10528830 | 9025183 | 5159129 | 3866054 | 57.1 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 3362236 | -(2633147) | 2633147 | 3362236 | 2982678 | 379558 | 88.7 |
| എ.എൻ. ആർ.ഇ..ജി. എസ്. | 0.14 | --- | 3719158 | 3719158.14 | 3718808 | 350.14 | 99.9 |
| ബി.ഫണ്ട് | 0 | --- | 13874074 | 13874074 | 13874074 | 0 | 100 |

വികസന ഫണ്ട്(പൊതു വിഭാഗത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്

വികസന ഫണ്ട് (എസ്. സി. പി.) : 940664

വികസന ഫണ്ട് (ടി.എസ്. പി.) : 4000

13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 5645483

പെർഫോമൻസ് ഗ്രാന്റ് : 2633147

ആകെ : 9223294

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 50909558 | 153 | 35626634 | 0 | 39 | 79.69 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5277092 | 3607434 | (-)1669658 | -31.64 |
| നികുതിയേതര വരവുകൾ | 996555 | 852929 | (-)143629 | -14.41 |
| ആകെ | 6273647 | 4460363 | 1813287 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7800 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 104700 | 128 |
| വിധവാപെൻഷൻ | 5899280 | 821 |
| വാർദ്ധക്യകാലപെൻഷൻ | 5141880 | 1424 |
| വികലാംഗപെൻഷൻ | 2615470 | 266 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8800 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53593രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2016 | 2016 സെപ്റ്റംബർ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2012 | 2007-08 to 2011-12 | 6.2.2013 |

## 1-11 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന, ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്കിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ

നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 05/ 14.11.2016 മുഖേന വിവരം ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടി പ്രകാരം 3/392 നമ്പർ കെട്ടിടം ഉപയോഗിക്കുന്ന ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് സംബന്ധിച്ച വിവരം മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി തന്നെ 2010-11 മുതൽ കുടിശ്ശികയാണ്. 2010-11 മുതൽ 2016-17 വരെയുള്ള നികുതി 48,486 രൂപ ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകിയരിക്കുന്നത് 15.11.2016 നാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒരു മൊബൈൽ ടവർ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന് കരുതാൻ പ്രയാസമാണ്. മൊബൈൽ ടവറുകളുടെ വിവരം ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നാളിതു വരെ പെർമിറ്റ് നൽകിയ മുഴുവൻ മൊബൈൽ ടവറുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ബാധകമായ തീയതി മുതൽക്കുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് പിഴ സഹിതം ഈടാക്കുകയും പെർമിറ്റ് നേടാതെ അനധികൃതമായി ഏതെങ്കിലും ടവർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ബാധകമായ വസ്തു നികുതി പിഴ സഹിതം ഈടാക്കുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

### 2-2 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങൾക്കും അവയ്ക്ക് പുറമെ മറ്റ് അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയുടെയും വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 12 / 17.11.2011 നൽകി . വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| 1 | ബിന്യൂവബിൾ വേൾഡ് സ്കൂൾ |
| 2 | അൽ മനാർ സ്കൂൾ |
| 3 | ബാഫഖി യതീം ഖാന ഐ.ടി.ഐ,വളവന്നൂർ |
| 4 | റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി. |

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 14.01.2011 മുതൽ വസ്തു നികുതി ബാധകമാണ്. (സർക്കുലർ നമ്പർ 49590/ആർ.സി.2/2011/ത.സ്വ.ഭ.വ. തീയതി. 12.04.2012 കാണുക). ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾക്ക് ബാധകമായ തീയതി മുതൽക്കുള്ള വസ്തു നികുതി ഈടാക്കി വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷം അവയുടെ സ്ഥാപന തൊഴിൽ നികുതി

ഒടുക്കിയിട്ടില്ല

| ക്ര.നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സൂര്യ ഹോസ്പിറ്റൽ | 1 |
| 2 | ബിന്യൂവബിൾ വേൾഡ് സ്കൂൾ | 1 , 2 |
| 3 | അൽ മനാർ സ്കൂൾ | 1 , 2 |
| 4 | ബാഫഖി യതീം ഖാന ഐ.ടി.ഐ,വളവന്നൂർ | 1 , 2 |
| 5 | റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി. | 1 , 2 |

പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 12 / 17.11.2011 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ബന്ധപ്പെട്ട അർദ്ധ വർഷങ്ങളിലെ വരുമാന പത്രികകൾ സമർപ്പിക്കുന്നതിന് സ്ഥാപനങ്ങളോട് ആവശ്യപ്പെടേണ്ടതും ആയതനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-4 മുഴുവൻ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2015-16 വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 90 എണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. തൻ വർഷം 270 കച്ചവട/വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 205(ബി) വകുപ്പ് പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. 2015-16 ലെയും മുൻ വർഷങ്ങളിലെയും വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല.

ഇപ്രകാരം നോട്ടീസ് നൽകാത്തതിനാൽ ധാരാളം സ്ഥാപനങ്ങൾ തൊഴിൽ നകുതി ചുമത്തപ്പെടാതിരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കാരണമാകുന്നു. വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകേണ്ടതും വിവരങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ ബിന്യൂവബിൾ വേൾഡ് സ്കൂൾ,അൽ മനാർ സ്കൂൾ,ബാഫഖി യതീം ഖാന ഐ.ടി.ഐ,വളവന്നൂർ,റഹ്മാനി പ്രൈമറി സ്കൂൾ, രണ്ടത്താണി എന്നിവ ജീവനക്കാരുടെ ശമ്പളം വളരെ കുറവായി മാത്രം രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി റിട്ടേൺ സമർപിച്ചിട്ടുള്ളത് . പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം ചുവടെ കാണും പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

ഹെഡ് മാസ്റ്റർ 7000

ഹൈസ്കൂൾ അധ്യാപകർ 6000

പ്രൈമറി അധ്യാപകർ 5000

ക്ലാർക്ക് 4000

പ്യൂൺ 3500

എന്നാൽ 2015-16 അർദ്ധവർഷത്തിൽ പോലും മുകളിൽ കാണിച്ചതിലും വളരെ കുറഞ്ഞ നിരക്കിലുള്ള ശമ്പളമാണ് പ്രസ്തുത സ്കൂളുകൾ ജീവനക്കാർക്ക് നൽകിയതായി റിട്ടേണുകളിൽ കാണിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടം 10 പ്രകാരം തെറ്റായ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൈകൊള്ളാവുന്നതാണെങ്കിലും അപ്രകാരമുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുമില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ശരിയായ ശമ്പളം കാണിച്ചുള്ള റിട്ടേണുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് ഓഫീസ് കംമ്പ്യൂട്ടർ വത്കരണം- അപാകതകൾ സംബന്ധിച്ച്

2015-16 ൽ -പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടറുകളും പ്രിന്ററും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രൊജക്റ്റ് നം 148/2016) 7 കംമ്പ്യൂട്ടറുകളും 5പ്രിന്ററുകളും ടെണ്ടർ മുഖേന Real group of companies Kuttoor എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 399299 രൂപ ചെലവഴിച്ചിട്ടുണ്ട്.(വൗച്ചർ നം 21500400 തി. 20.10.2015) വിശദ വിവരം ചുവടെ

HP branded PC 7 @ 47524 =332668

Printor Cannon 4 @9428 = 37712

Printor Apson 1@ 9905 = 9905

-------------------------------------

Total 380285

Tax 5% 19014

--------------------

ആകെ 399299

പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് ടെണ്ടറുകളാണ് ,ലഭ്യമായത്.ആയതിൽ ഒന്ന് ശ്രീ റംഷാദ് പൂവത്തിങ്ങൽ എന്ന സ്വകാര്യ വ്യകതിയുടേതാണ്.ടിയാന്റെ സ്ഥാപനം ഏതെന്ന് വ്യക്തമാക്കാത്ത അവ്യക്തമായ ടെണ്ടറാണ് സമർപ്പിച്ചിട്ടുള്ളത്. അതിനാൽ സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ചുള്ള മത്സരാധിഷ്ഠിത ടെണ്ടർ നടത്തിയിട്ടില്ലന്ന് വ്യക്തമാണ്. നിലവിലെ മാർക്കറ്റ് വിലയേക്കാൾ വളരെകൂടിയ വിലക്കാണ് കംമ്പ്യൂട്ടറുകൾ വാങ്ങിയത് എന്നത് പ്രഥമദൃഷ്ട്യാ വ്യക്തമാണ്.

സർക്കാർ ഉത്തരവ് (എം.എസ്)1838/2012 ത.സ്വ.ഭ.വ തി.3.7.2012 പ്രകാരം പഞ്ചായത്തുകളുടെ

കംപ്യൂട്ടർ വത്കരണം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടു വിച്ചിട്ടുണ്ട്.ആയത് പ്രകാരം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം അതാതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം എന്നും,DGS&D Rate Contract നേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D Rate Contract നിരക്ക് നിലവിലില്ലെങ്കിലോ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.മേൽ ഉത്തരവിനു വിരുദ്ധമായി കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പൊതുവിപണിയിൽ നിന്ന് വാങ്ങിയത് ക്രമ പ്രകാരമല്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 4 ന് ഓപ്പൺ ടെണ്ടർ മുഖേനയാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത് എന്ന മറുപടിയാണ് നൽകിയത്.എന്നാൽ സ്റ്റോർ പർച്ചേസ് നടപടിക്രമം അനുസരിച്ചുള്ള ടെണ്ടർ നടപടിക്രമം പാലിക്കാതെ ,കംപ്യൂട്ടറുകൾ വാങ്ങിയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

## 3-2 അയിരാനി GMLPS നിർമ്മാണം-തുക നൽകിയത് വിശദ വിവരം ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു.

വൗച്ചർ നം 2150051/24.4.2015 പ്രകാരം SSA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അയിരാനി GMLPS സ്കൂളിന്റെ നിർമ്മാണ പ്രവർത്തിക്കായി 460000 രൂപ പ്രവർത്തിയുടെ കൺവീനറായ ഹെഡ്മാസ്റ്റർക്ക് കൊടുത്തിട്ടുണ്ട്. 2012-13 ൽ ആരംഭിച്ച് 2/8/2014 -ൽ പൂർത്തിയാക്കിയ പ്രവർത്തിക്ക് മൊത്തം 2271655 രൂപ മൂല്യനിർണ്ണയമാണ് കണക്കാക്കിയിട്ടുള്ളത്. മേൽ പ്രവർത്തിയുടെ അവസാനഗഡുവായിട്ടാണ് 460000 രൂപ നൽകിയിട്ടുള്ളത് .എന്നാൽ നാളിതുവരെ മേൽ പ്രവർത്തിക്ക് നൽകിയ തുകയുടെ വിവരം എം.ബുക്കിൽ (എം ബുക്ക് നം 175 &176) രേഖപ്പെടുത്തിയിട്ടില്ല. പാർട്ട് ബിൽ കൊടുത്തതിന്റെ വിവരവും എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.മേൽ പ്രവർത്തിക്ക് നാളിതുവരെ നൽകിയ തുകയുടെ വിശദവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/16.11.2016 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തന്നെ കൊടുത്ത തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.ചെലവുതുക 460000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനക്ഷമമാക്കൽ പഞ്ചായത്ത് തീരുമാനം യഥാർത്ഥ്യമായില്ല.

കല്പകഞ്ചേരി ഗ്രാമപഞ്ചായത്തിനെ വ്യാവസായികമായി അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരംകാണുക പ്രാദേശികമായി ലഭ്യമാകുന്ന കാർഷിക ഉല്പന്നങ്ങളുടെ വിപണനം നടത്തുക തുടങ്ങി വിവിധ ഉദ്ദേശ പ്രർത്തനങ്ങൾക്കായി 2003-04 ൽ ആവിഷ്കരിച്ച് നാളിതുവരെയായി 37.35 ലക്ഷം രൂപയോളം ചെലവഴിച്ച് (വിശദ വിവരം 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 കാണുക)പൂർത്തിയാക്കിയ വനിതാ വ്യവസായ കേന്ദ്രത്തിന് വൈദ്യുതി ലഭ്യമാക്കി നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 2015-16 -ൽ വൈദ്യുതീകരണത്തിനായി ഭരണസമിതി 12.1.2016 ലെ III(4) ാം തീരുമാനിച്ച് , പ്രൊജക്ട് നം 128/16 പ്രകാരം 963618 രൂപ വകയിരിത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

വ്യവസായ എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രാവർത്തികമാക്കാൻ വേണ്ട സത്വര നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 3-4 പദ്ധതി നിർവ്വഹണം-അവലോകനം

2015-16 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രം നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 13468705 | 12727284 | 94.5 |
| 2 | പ്ലാൻ ഫണ്ട് SCP | 1382664 | 253870 | 18.3 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 8939337 | 5159129 | 57.7 |
| 4 | ലോക ബാങ്ക് ധനസഹായം | 3362236 | 2982678 | 88.7 |
| 5 | പ്ലാൻ ഫണ്ട് TSP | 5000 | - | 0 |
| 6 | കേന്ദ്ര ധനസഹായം | 1080000 | 435879 | 40.3 |
| 7 | മെയിന്റനൻസ് ഗ്രാന്റ് NR | 5305785 | 2859915 | 53.9 |
| 8 | മെയിന്റനൻസ് ഗ്രാന്റ് R | 9855438 | 7174434 | 72.7 |
| 9 | തനത് ഫണ്ട് | 5476193 | 3161485 | 57.7 |
| 10 | ബ്ളോക്ക് വിഹിതം | 181250 | - | - |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | - | - | - |
| 12 | മറ്റുള്ളവ | 1042950 | 871960 | 83.6 |
| 13 | സംസ്ഥാനാവിഷ്കൃതം | | | |

ആകെ 71 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

## 3-5 ഡെപ്പോസിറ്റ് വർക്ക്. പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്കായി ചുവടെ കാണും പ്രകാരം 197900 രൂപ KSEB യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വൗച്ചർ | തുക | മറ്റ് അപാകതകൾ |
|---|---|---|---|
| കവളിയാർചോല കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ (197/16) | ചെക്ക്. 4096611/21.3.2016 തുക35143 ബിൽ. 90/31.3.2016 തുക112507 | 147650 | -- |
| അംഗൻവാടി വൈദ്യുതീകരണം (131/16) | ഡി.ഡി. നമ്പർ 416800/ 3.8.2015 തുക 1000 416803/3.8.2015 തുക 49250 | 50250 | 6350 രൂപയുടെ രസീത് കൂടി ലഭ്യമാക്കാനുണ്ട്. |

1/11.11.2016നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - ക്രമ നമ്പർ ഒന്ന് ആയി പരാമർശിച്ച പ്രവൃത്തിയിൽ ചെറിയ തുകയുടെ പ്രവൃത്തി കൂടി ബാക്കിയുണ്ടെന്നും ആയത് പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും, ക്രമ നമ്പർ രണ്ട് ആയി പരാമർശിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനിയും തുക അടവാക്കേണ്ടതുണ്ടെന്നും ആയത് ഈ വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തി ചെയ്യുന്നതാണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-6 <u>നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം. തുക അടവാക്കിയിതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. 105 പ്രവൃത്തികളിൽ നിന്നായി ആകെ 243780 രൂപ ക്ഷേമ നിധി വിഹിതമായി ഈടാക്കിയിട്ടുണ്ട്. ചില പ്രവൃത്തികളുടെ വൗച്ചറുകളോടൊപ്പം ക്ഷേമ നിധി വിഹിതം അടവാക്കുന്നതിന് വേണ്ടി ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ (1/11.11.2016) ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ക്ഷേമ നിധി വിഹിതമായി ഈടാക്കിയ തുക മുഴുവൻ അടവാക്കിയതിന്റെ വിവരവും പ്രസ്തുത തുകയുടെ രസീതും ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം; ഒരു വിശകലനം

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 133 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 105 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം വാങ്ങിയ പദ്ധതികളിൽ 21.05% ശതമാനവും നടപ്പിലാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ആകെ 192 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 65.32%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 68.43% ചെലവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെതാണ്.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. 1.4.2015 മുതൽ 19.5.2015വരെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കായിരുന്നു ഈ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല. രണ്ട് ഓവർസിയർമാരിൽ ഒരാളുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിനും ഇത് ഇടയാക്കുന്നു. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽകുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 50909558 | ആകെ അടങ്കൽ | 33252320 | 65.32% |
| ചെലവ് | 35626634 | ചെലവ് | 24377971 | 68.43% |
| ശതമാനം | 69.98% | ശതമാനം | 73.31% | |

## 3-8 ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി

പ്രൊജക്ട്. ആയുർവ്വേദ ഹോസ്പിറ്റൽ കെട്ടിടം അറ്റകുറ്റ പണി (S120/16). തുക. 345640
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്

ബിൽ. 92/31.3.2016 തുക. 345640

കരാറുകാരൻ. ശ്രീ. ടി.പി മുഹമ്മദ്കുട്ടി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവ്വേദ ഹോസ്പിറ്റൽ കെട്ടിടം അറ്റകുറ്റ പണി എന്ന പദ്ധതി പ്രകാരമുള്ള പ്രവൃത്തിയിൽ ഇനം 14 ആയി രണ്ട് ക്ലോസറ്റും, ഇനം 15 ആയി രണ്ട് വാഷ് ബെയ്സിനും സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ,

ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ 16.11.2016ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ രണ്ടിനവും ഒന്ന് വീതം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമായി.

ചെയ്യാത്ത പ്രവൃത്തിക്ക് നിരക്കനുവദിച്ചത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് പുസ്തകം പ്രകാരം എണ്ണം | പരിശോധനയിൽ കണ്ടത് | അധികം നൽകിയ തുക |
|---|---|---|---|
| ക്ലോസറ്റ് | 2 | 1 | 3457 |
| വാഷ് ബെയ്സിൻ | 2 | 1 | 3727 |
| ആകെ | | | 7184 |

10/16.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്കായി7184 രൂപ ചെലവഴിച്ച ഉത്തരവാദിയായ അസി. എഞ്ചിനിയർ ശ്രീ. ഗ്രേഷ്യസ്. എം. ജോർജ്ജിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി. പാതിവഴിയിൽ അവസാനിപ്പിച്ചു.

സമൂഹത്തിൽ എറ്റവും ദാരിദ്ര്യം അനുഭവിക്കുന്നവരും നിരാലംബരും നിരാശ്രയരുമായ ജന വിഭാഗങ്ങൽക്കായി സർക്കാർ വിഭാവനം ചെയ്ത ആശ്രയ പദ്ധതി ഗ്രാമ പഞ്ചായത്തിൽ പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കാതെ പാതി വഴിയിൽ അവസാനിപ്പിച്ചിരിക്കുന്നു.

2004-05 വർഷത്തിൽ 5156680രൂപ വകയിരുത്തി ആരംഭിച്ച പദ്ധതി രണ്ട് വർഷത്തിന് ശേഷം അവസാനിപ്പിച്ചിരിക്കുകയാണ്. ആകെ 647000 രൂപ മാത്രമാണ് പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ളത്. ഭക്ഷണം, ആരോഗ്യം, ഭവന നിർമ്മാണം, വിദ്യാഭ്യാസം, പെൻഷൻ എന്നിവയിൽ ആർക്കും തന്നെ സഹായം നൽകിയിട്ടില്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ 1169504 രൂപ ഇപ്പോൾ അവശേഷിക്കുന്നുണ്ട്. (19.8.2016). മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം വിശദമായി പരാമർശിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പദ്ധതിയുടെ നാളിത് വരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താക്കൾ | ധനസഹായം ലഭ്യമായത് | വകയിരുത്തിയത് | ചെലവ് |
|---|---|---|---|---|
| വീടിന് സ്ഥലം | 56 | 18 | 1097000 | 351000 |
| വീട് | 56 | ഇല്ല | 2520000 | ഇല്ല |
| വീട് റിപ്പയർ | 56 | 28 | 280000 | 140000 |
| കക്കൂസ് | 56 | ഇല്ല | 168000 | ഇല്ല |
| കുടിവെള്ളം | 58 | 31 | 442000 | 146500 |
| വൈദ്യുതി | 60 | ഇല്ല | 60000 | ഇല്ല |
| ഭക്ഷണം | 38 | ,, | 95760 | ഇല്ല |
| ആരോഗ്യം | 70 | ,, | 140000 | ,, |
| പെൻഷൻ | 56 | ,, | 73920 | ,, |
| വിദ്യാഭ്യാസം | 42 | ,, | 70000 | ,, |

## 3-10 സമഗ്ര വിദ്യാഭ്യാസ പദ്ധതി. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി

പ്രൊജക്ട്. സമഗ്ര വിദ്യാഭ്യാസ പദ്ധതി (140/16). 50000 മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്

ബിൽ. 5/30.3.2016 തുക . 50000

അയിരാനി GMLP സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര വീദ്യാഭ്യാസ പദ്ധതി എന്ന പ്രൊജക്ട് (140/16) പ്രകാരം വിവിധ ഇനങ്ങളിലായി 50043 രൂപ ചെലവഴിച്ചിട്ടുണ്ട്. GO(P) 362/14 തീയ്യതി 26.11.2013 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖ അനുസരിച്ച് അനുവദനീയമല്ലാത്തതും സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം ചെയ്യേണ്ടതുമായ പ്രവർത്തനങ്ങളാണ് ഹെഡ് മാസ്റ്റർ നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നടപ്പാക്കിയ പദ്ധതികൾ | ചെലവിനം | തുക |
|---|---|---|
| വിദ്യാർത്ഥികൾക്ക് പുസ്തകം (സ്ലേറ്റ്-Strengthening Learner Achievement and Teacher Efficiency) അധ്യാപകർക്ക് ഹാന്റ് ബുക്ക് | പ്രിന്റിങ്ങ് | 20540 |
| കായിക പരിശീലനം | 11 സ്കൂളിലെ 110 കുട്ടികൾക്ക് 4 ദിവസം കായിക പരിശീലനം | 14449 |
| ബാല പ്രസിദ്ധീകരണം | ബാലരമ ഡൈജസ്റ്റ്, കളിക്കുടുക്ക, മിന്നാമിന്നി എന്നിവ 2016 ജൂൺ മുതൽ 2017 മെയ് വരെ സ്കൂളുകളിലേക്ക് വിതരണം ചെയ്യൽ | 15004 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ് എന്ന് GO(P) 362/13 തീയ്യതി 16.11.2013 പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരം അനുമതി സർക്കാരിൽ നിന്ന് ലഭ്യമാക്കാതെയാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2. വിദ്യാർത്ഥികൾക്ക് ബാല പ്രസിദ്ധീകരണങ്ങൾ ( ബാലരമ ഡൈജസ്റ്റ്, കളിക്കുടുക്ക, മിന്നാമിന്നി) 2016 ജൂൺ - 2017 മെയ് വരെ വിതരണം ചെയ്യുന്നതിന് വേണ്ടി 15004 രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള പ്രസിദ്ധീകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായതിന്

ശേഷം ആയതിന്റെ തുക നൽകുന്നതിന് പകരം മുൻകൂറായി നൽകിയത് ക്രമ പ്രകാരമല്ല. GO(P)177/06 1തീയ്യതി 12.4.2006 പ്രകാരം പണം മുൻകൂറായി പിൻവലിക്കാൻ അനുമതിയുള്ള ഇനങ്ങളിൽ ഇത്തരം ചെലവുകൾ ഉൾപെടുന്നുമില്ല.

3. ഇതേ പ്രൊജക്ട് പ്രകാരം കായിക പരിശീലനത്തിനായി 14499 രൂപ ചെലവഴിച്ചിട്ടുണ്ട്. നാല് ദിവസം മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. പരിശീലകന് 800രൂപയാണ് ആകെ പ്രതിഫലം നൽകിയിട്ടുള്ളത്. ബാക്കി ചെലവുകളെല്ലാം ഭക്ഷണം, മൊമന്റൊ, സർട്ടിഫിക്കറ്റ് തുടങ്ങിയ അനുബന്ധ ചെലവുകളാണ്. ചുരുങ്ങിയ ദിവസത്തെ പരിശീലനം കൊണ്ട് വിദ്യാർഥികൾക്ക് യാതൊരു തരത്തിലുമുള്ള കായിക പുരോഗതിയും നേടാനാവില്ല എന്ന് വ്യക്തമാണ്.

2/11.11.2016നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്- ചെലവ് ചെറിയ തുകയുടെതാണെന്നും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥയും, കായിക പുരോഗതിയും ലക്ഷ്യം വെച്ചുള്ള പ്രൊജക്ടാണ് തയ്യാറാക്കിയതെന്നും തടസ്സം ഒഴിവാക്കി നൽകണമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. സർക്കാർ നിർദ്ദേശം മറികടന്നുള്ള ചെലവുകൾക്ക് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ചെലവ് തുക 50000 തടസ്സം ചെയ്യുന്നു.

## 3-11 ടെണ്ടർ / ക്വട്ടേഷൻ നടപടികൾ കൂടാതെയുള്ള വാങ്ങൽ നടപടികൾ

അയിരാണി GMLP സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകൽ (93/16), സർക്കാർ സ്കൂളുകൾക്ക് പാത്രങ്ങളും ഇൻവർട്ടറും നൽകൽ (89/16) എന്നീ പദ്ധതികൾ പ്രകാരം ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ് തുടങ്ങിയ സ്പോർട്സ് മെറ്റീരിയൽസ് വാങ്ങിയതും പാത്രങ്ങളും ഇൻവർട്ടറും വാങ്ങിയതും ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ ഈ സ്ഥാപനത്തിന് അപ്രകാരം ക്വട്ടേഷൻ/ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സാധനങ്ങൾ സപ്ലൈ ചെയ്യാൻ സർക്കാർ അനുമതി ഇല്ല. പഞ്ചായത്തുകൾക്ക് ബാധകമായ വാങ്ങൽ നടപടി ക്രമം സംബന്ധിച്ച ഉത്തരവ് പ്രകാരം 1 ലക്ഷം രൂപക്ക് മേലെയുള്ള വാങ്ങലുകൾ ഒരു മലയാള ദിന പത്രം, ഒരു ഇംഗ്ലീഷ് ദിനപത്രം എന്നിവയിൽ പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിച്ച് വേണം നടത്തേണ്ടത്. അപ്രകാരം ചെയ്യാതിരുന്നത് ക്രമ പ്രകാരമല്ല.

2/11.11.2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - മേൽ പരാമർശിച്ചവ വാങ്ങിയത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണെന്നും ബന്ധപ്പെട്ട സ്ഥാപനം ഗവൺമെന്റ് അംഗീകൃത സ്ഥാപനമാണെന്നതിനും രേഖകൾ ഹാജരാക്കി. എന്നാൽ ഈ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികളില്ലാതെ ഇത്തരം ഉപകരണങ്ങൾ വാങ്ങാമെന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകൽ എന്നത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപെടാത്തതും 12-ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം അനുമതി ഇല്ലാത്തതുമാണ്.

ആവശ്യമായ സർക്കാർ അനുമതി ഇല്ലാതെയുള്ള ചെലവ് നിയമാനസൃതമല്ല. ചെലവ് തുക 349000 തടസ്സം ചെയ്യുന്നു.

| പ്രൊജക്ട് | ചെലവിനം | വൗച്ചർ | തുക |
|---|---|---|---|
| പ്രൊജക്ട്. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകൽ.(93/16). | 12 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ | ബിൽ. 2/28.3.2016 തുക. | 49000 |

| | | | |
|---|---|---|---|
| 49000 പദ്ധതി വിഹിതം | | | |
| സർക്കാർ സ്കൂളുകൾക്ക് പാത്രങ്ങളും ഇൻവർട്ടറുകളും നൽകൽ.(89/16). 350000 മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | ഇൻവർട്ടർ 7 പാത്രങ്ങൾ | ബിൽ 3/30.3.2016 | 300000 |
| ആകെ | | | 349000 |

## 3-12 പരിരക്ഷ പദ്ധതി. മരുന്ന് മുഴുവൻ ലഭ്യമായില്ല

പ്രൊജക്ട്. പരിരക്ഷ പദ്ധതി (78/16)

ബിൽ.8/26.3.2016 തുക 117942

പ്രാഥമികാരോഗ്യ കോന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കാരുണ്യ മെഡിക്കൽ നിലമ്പൂർ എന്ന സ്ഥാപനത്തിന് 108463 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 1476 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ബാക്കി തുകക്കുള്ള മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്- മരുന്നുകൾ ഡിസംബർ 31.നകം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് KMCL ന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി. 106987 രൂപക്കുള്ള മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ

1.പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പറായി സർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്.

അത് പോലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. മേൽ നിർദ്ദേശ പ്രകാരം കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നൽകിയതിന് - സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിച്ച പ്രകാരമുള്ള പാലിയേറ്റീവ്

മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനും ചെലവുകൾ അക്കൗണ്ടിലൂടെ തന്നെയാക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

പരിരക്ഷ പദ്ധതി നടത്തിപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കുടിവെള്ള പദ്ധതി പ്രവൃത്തികൾ. GIപൈപ്പിന് അധിക വില നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ GIപൈപ്പിന് അധിക നിരക്ക് നൽകിയിരുന്നു. പ്രവൃത്തികളിൽ നിരപ്പായ പ്രതലത്തിൽ (മണ്ണിന് മുകളിൽ) GIപൈപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. അത്കൊണ്ട് തന്നെ പ്രവൃത്തികളിൽ Earth trenching & refilfling എന്ന പ്രവൃത്തി നടന്നിട്ടില്ല. ആയതിനാൽ Trenching and back filling ഇല്ലാത്തതിനാൽ @ 377/E നൽകേണ്ടതില്ല. ഇപ്രകാരം തുക നൽകിയത് വഴിയാണ് അധിക തുക നൽകാനിടയായത്.

അധിക തുക നൽകിയ പ്രവൃത്തികൾ

| പ്രവൃത്തി | ബിൽ | ഉപയോഗിച്ച പൈപ്പ് | നൽകിയ തുക @256 | അനുവദനീയമായ തുക @198.25 | അധികം |
|---|---|---|---|---|---|
| കിഴക്കേപാറ കുടിവെള്ള പദ്ധതി (109/16) | 86/31.3.2016 തുക 246037 | 395M | 101120 | 78309 | 22811 |
| കാനഞ്ചേരി കുടിവെള്ള പദ്ധതി 110/16 | ബിൽ 91/31.3.2016 തുക55531 | 89.6 M | 22938 | 17763 | 5175 |
| | ആകെ | | 124058 | 96072 | 27986 |

അനുവദനീയമായ തുകയുടെ ഡാറ്റ താഴെ ചേർക്കുന്നു.

| അളവ് | ഇനം | |
|---|---|---|
| 10m | 32mm GI പൈപ്പ് വില | 1400 |
| | 5% സ്പെഷ്യൽസ് | 70 |
| | LS white lead, cotton yarn etc.. | 0.20 |
| | LS. Hire charge | 0.10 |
| | Ls testing | 3.5 |
| 0.30No | ഫിറ്റർ | 136.80 |
| ,, | Man mazdoor | 113.10 |
| | ആകെ | 1723.7 |
| | മീറ്ററിന് | 172.37 |

| | | |
|---|---|---|
| | CP &OH (15%) | 198.22 |

1/11.11/2016 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

ഡാറ്റയിൽ Earth trenching & refilfling എന്ന ഇനം ഉൾപെടുന്നില്ല. ഡാറ്റയിൽ ലേബർ നൽകിയിട്ടുള്ളത് താഴെ കാണും പ്രകാരമാണ്.

| | | |
|---|---|---|
| 0.30 | Man | Fitter |
| 0.3 | man | Cleaning & Conveying the pipe |
| 1.33 | Man | For placing the pipe in position and testing the pipe line with required pressure. |

പൈപ്പ് ടെസ്റ്റ് ചെയ്യാൻ LS ആയി ഡാറ്റയിൽ തുക ഉൾവെട്ടത്തിയിട്ടുള്ളതാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. 27986 രൂപ ഉത്തരവാദിയായ അസി.എഞ്ചിനിയർ ശ്രീ.ഗ്രേഷ്യസ്.എം.ജോർജ്ജിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

ഇല്ല

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കവളിയാർ ചോല കുടിവെള്ള പദ്ധതി | ചെക്ക്. 4096611/21.3.2016 | 35143 | 0 | 35143 |
| ,, | ,, | ബിൽ. 90/31.3.2016 | 112507 | 0 | 112507 |
| ,, | അംഗൻവാടി വൈദ്യുതീകരണം | ഡി.ഡി. നമ്പർ 416800/3.8.2015 | 1000 | 0 | 1000 |
| ,, | ,, | 416803/3.8.2015 | 49250 | 0 | 49250 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98 | - | 2001-02 | 40 (L) | മരം ലേലം | നടപടി തുടരുന്നു |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31317958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43450866 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35170 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1456199 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 7184 | ശ്രീ. ഗ്രേഷ്യസ്. എം.ജോർജ്. |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 27986 | ,, |
| | ആകെ | 35170 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 399299 | ശ്രീമതി.ടി.പി സരസ്വതി. സെക്രട്ടറി |
| 3-2 | 460000 | ശ്രീ.എം.അബ്ദുൽ സത്താർ സെക്രട്ടറി |
| 3-5 | 197900 | ശ്രീ. ഗ്രേഷ്യസ്. എം.ജോർജ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 50000 | ശ്രീ. അയ്യൂബ്. ഹെഡ് മാസ്റ്റർ |
| 3-11 | 349000 | ശ്രീ. അയ്യൂബ്. ഹെഡ് മാസ്റ്റർ |
| ആകെ | 1456199 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം. ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ. ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗ്രേഷ്യസ്. എം.ജോർജ്. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ. കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത് | മണിമലയിൽ. കറുകാട് .പി.ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1990-91 വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |

| | | |
|---|---|---|
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2002-03 | | |
| 2003-04 | | |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 11-11-10 | 14 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2005-06 | എൽ.എഫ്.എം.15/783/10, തീ. 21-5-12 | 6 |
| 2006-07 | എൽ.എഫ്.എം.15/784/10, തീ. 21-5-12 | 11 |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.എം.15/196/13 തീ. 3-3-13 | 19 |
| 2011-12 മുതൽ 2012-13 വരെ | കെ.എസ്.എ.എം.പി.എം.15/3065/15, തീ. 02-02-16 | 12 |
| 2013-14 to 2014-15 | കെ.എസ്.എ.എം.പി.എം.15/2139/16, തീ. 09-08-16 | 30 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം.15/3269/2016


കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

dompm.ksad@kerala.gov.in


തീയ്യതി 10.11.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## അനുബന്ധം-2

# AUDIT CERTIFICATE 2015-16

No. KSA/MPM/15/3269/16

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:31 .01.2017

Certified that I have audited the Annual Financial Statement of Kalpakanchery Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kalpakanchery Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and

expenditure.

Deputy
Director

Kerala State Audit
Department

Malappuram